# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *517 26.03.2018ൽ മറുപടി നൽകേണ്ടത്.

### ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷ ആനുകൂല്യത്തിന്റെ ദുരുപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി.സി.കെ.ആശ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരല്ലാത്ത കുട്ടികളെ ഭിന്നശേഷിക്കാർ എന്ന പേരിൽ പരീക്ഷ എഴുതിച്ച് ഭിന്നശേഷിക്കാരുടെ പരീക്ഷ ആനുകൂല്യം ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭിന്നശേഷിയുള്ള കുട്ടിയാണ് എന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പരീക്ഷ എഴുതുന്നതിനുള്ള ആനുകൂല്യം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അനുവദിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള ആനുകൂല്യം ചിലർ ദുരുപയോഗം ചെയ്യുന്നതായുള്ള പരാതികൾ നിലനിൽക്കുന്നുണ്ട്. |
| (ബി) | മെന്റലി റിട്ടാർഡഡ്, ലേണിംഗ് ഡിസബിലിറ്റി എന്നിങ്ങനെ കുട്ടികളെ തരംതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) | 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള കുട്ടികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മെന്റലി റിട്ടാർഡഡ് ആനുകൂല്യം അനുവദിക്കുന്നത്.<br>ഗവൺമെന്റ് സൈക്കോളജിസ്റ്റ് നൽകുന്ന ഐ.ക്യൂ. അസ്സസ്മെന്റിന്റേയും തുടർന്ന് ഗവൺമെന്റ് സൈക്യാട്രിസ്റ്റ് നൽകുന്ന സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിലാണ് ഐ.ക്യൂ 71 നും 110 നും ഇടയിൽ ഉള്ള കുട്ടികളെ ലേണിംഗ് ഡിസബിലിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. |
| (സി) | വർഷം തോറും ഇത്തരം കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കൃത്രിമമായി ഉണ്ടാക്കുന്നതാണ് എന്ന ആക്ഷേപം ശരിയാണോ; വ്യക്തമാക്കുമോ; | (സി) | വർഷം തോറും ഇത്തരത്തിലുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നു എന്നുള്ളത് വസ്തുതയാണ്. |
| (ഡി) | ഭിന്നശേഷി ആനുകൂല്യം പറ്റി പരീക്ഷ എഴുതുന്ന കുട്ടികളുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ അത് രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | ഭിന്നശേഷിക്കാരുടെ ആനുകൂല്യം ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ഇ) | ഭിന്നശേഷിക്കാരുടെ ആനുകൂല്യം ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടി പരീക്ഷാഭവൻ സെക്രട്ടറിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ വഴി സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി വരുന്നുണ്ട്. ഭിന്നശേഷിയുള്ള ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നല്കുന്നതിനും സ്ക്രൈബിനെ അനുവദിക്കുന്നതിനും പരീക്ഷാ വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കുന്ന ഫോർമാറ്റ് പൂരിപ്പിച്ച് അതാത് പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തിയ ശേഷം മാത്രമാണ് പരീക്ഷ എഴുതുന്നതിനുള്ള അനുമതി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ നൽകുന്നത്. |
| (എഫ്) | ഇത്തരത്തിലുള്ള പരീക്ഷാതട്ടിപ്പ് ഏതെങ്കിലും സംഘടനകൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; വ്യക്തമാക്കുമോ? | (എഫ്) | ഡിഫറന്റിലി ഏബിൾഡ് പേഴ്സൺസ് വെൽഫെയർ ഫെഡറേഷന്റെ വയനാട് ജില്ലാ സെക്രട്ടറി ശ്രീ.കെ.വി.മോഹനന്റെ 29.01.2018 - ലെ പരാതിക്ക് 27.02.2018 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ